**KSFESA**
**CITU**

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 181/71, Kottappuram Road, Thrissur -4
(Affiliated to C.I.T.U.R. No. K. 1128)
E-mail:ksfeacitu@yahoo.co.in) Web : www.ksfesa.com

*President*
A. K. Balan MLA
Mob : 9846361111

*General Secretary*
S. Muraleekrishnapillai
Mob : 9446538432

സർക്കുലർ നമ്പർ : 22/2016 — തീയതി : 07 - 10 - 2016

സഖാക്കളേ,

സംഘടനയുടെ ഭാരവാഹിയോഗം 07 - 10 - 2016 (വെള്ളിയാഴ്ച) രാവിലെ 10.00 മണിക്കും സംസ്ഥാനകമ്മിറ്റിയോഗം 11.30 നും, CITU കണ്ണൂർ ജില്ലാ കമ്മിറ്റി ഓഫീസിൽ വച്ച് വൈസ് പ്രസിഡന്റ് സ: മുഹമ്മദ് ഇക്ബാൽ എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

CPI(M) സംസ്ഥാന സെക്രട്ടറിയേറ്റംഗവും ദേശാഭിമാനി ചീഫ് മാനേജരുമായിരുന്ന സ: വി. വി. ദക്ഷിണാമൂർത്തിയുടെ നിര്യാണത്തിലും ഉറി ഭീകരാക്രമണത്തിൽ വീരമൃത്യു വരിച്ച ജവാന്മാർക്കും പശുക്കടവ് പ്രകൃതി ദുരന്തത്തിൽ മരിച്ചവർക്കും യോഗം അനുശോചനം രേഖപ്പെടുത്തി.

കേന്ദ്ര ഭരണത്തിന്റെ പിൻബലത്തിൽ രാജ്യത്തെ കലാപഭൂമിയാക്കുന്ന RSS കേരളത്തിലും അക്രമവാസന കാട്ടുകയാണ്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം 5 CPI(M) പ്രവകർത്തകരെയാണ് ആർ.എസ്.എസുകാർ അതിനിഷ്ഠൂരമായി കൊലപ്പെടുത്തിയത്. മുന്നൂറിലേറെ പ്രവർത്തകരെ ആക്രമിച്ചു ഗുരുതരമായി പരിക്കേൽപ്പിച്ചു. 90-ഓളം വീടുകൾ തകർത്തു. 37 പാർട്ടി ഓഫീസുകളാണ് ആക്രമിക്കപ്പെട്ടത്. ആർ.എസ്.എസിന്റെ വർഗീയ അജണ്ടയ്ക്ക് തടസ്സമായി നിൽക്കുന്നത് ഇടതുപക്ഷപ്രസ്ഥാനമാണെന്നതുകൊണ്ട് ഇടതുപക്ഷ പ്രവർത്തകരെ ഭയപ്പെടുത്തി പിന്മാറ്റാനുള്ള ബോധപൂർവ്വമായ പരിശ്രമമാണ് ആർ.എസ്.എസ്. നടത്തുന്നത്. കേരളത്തിന്റെ മതസാഹോദര്യവും സമാധാനവും തകർക്കാനുള്ള ആർ.എസ്.എസിന്റെ നിഗൂഢ ശ്രമത്തെ സംഘടന അപലപിക്കുന്നു.

## സംസ്ഥാന കമ്മിറ്റി തീരുമാനങ്ങൾ

2016 നവംബർ 19, 20 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന സമ്മേളനം ചില സാങ്കേതിക കാരണങ്ങളാൽ ഡിസംബർ 10, 11 തീയതികളിലേയ്ക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു. സമ്മേളന നഗറിന് സംഘടനയുടെ പ്രമുഖ വനിതാപ്രവർത്തകയും മഹിളാ പ്രസ്ഥാനത്തിന്റെ ഉശിരൻ സംഘാടകയുമായിരുന്ന അന്തരിച്ച സ: സി.സി. ലൈലയുടെ പേര് നൽകാൻ തീരുമാനിച്ചു. സംസ്ഥാന സമ്മേളനത്തിനു മുമ്പ് നടക്കേണ്ട ജില്ലാ സമ്മേളനങ്ങൾ താഴെകൊടുക്കും പ്രകാശം പുനഃക്രമീകരിക്കാൻ തീരുമാനിച്ചു.

| | ജില്ല | തീയതി | ചുമതല നിശ്ചയിച്ചിട്ടുള്ള സെക്രട്ടറിയേറ്റംഗങ്ങൾ |
|---|---|---|---|
| 1. | കണ്ണൂർ | 08.10.2016 | എല്ലാവരും |
| 2. | കോഴിക്കോട് | 09.10.2016 | എല്ലാവരും |
| 3. | തിരുവനന്തപുരം | 16.10.2016 | എസ്. മുരളീകൃഷ്ണപിള്ള<br>ശിവദാസൻ എസ്. |
| 4. | പാലക്കാട് | 16.10.2016 | പി. ദേവദാസ്<br>മുഹമ്മദ് ഇക്ബാൽ.എ |
| 5. | വയനാട് | 16.10.2016 | രാധാകൃഷ്ണൻ. ടി. സി. |
| 6. | കൊല്ലം | 23.10.2016 | എല്ലാവരും |
| 7. | എറണാകുളം | 6.11.2016 | എസ്. മുരളീകൃഷ്ണപിള്ള<br>ശിവദാസൻ. എസ്. |

| | | | |
|---|---|---|---|
| 8. | പത്തനംതിട്ട | 6.11.2016 | മുഹമ്മദ് ഇക്ബാൽ എ.<br>രാധാകൃഷ്ണൻ. ടി.സി. |
| 9. | ആലപ്പുഴ | 20.11.2016 | മുരളീകൃഷ്ണപിള്ള. എസ്.<br>മുഹമ്മദ് ഇക്ബാൽ. എ. |
| 10. | മലപ്പുറം | 12.11.2016 | പി. ദേവദാസ്<br>മുരളീകൃഷ്ണപിള്ള. എസ്. |
| 11. | തൃശ്ശൂർ | 13.11.2016 | മുരളീകൃഷ്ണപിള്ള. എസ്.<br>പി. ദേവദാസ്<br>രാധാകൃഷ്ണൻ. ടി. സി. |
| 12. | ഇടുക്കി | 13.11.2016 | ശിവദാസ്. എസ്.<br>മുഹമ്മദ് ഇക്ബാൽ. എ. |
| 13. | കോട്ടയം | 20.11.2016 | എല്ലാവരും |

2. സ: സി. സി. ലൈലാനഗറിലാണ് (റബ്കോ ആഡിറ്റോറിയം കണ്ണൂർ) സമ്മേളനം ചേരുന്നത്.

3. 31.08.2016-പ്രകാരം ജില്ലയിലെ അംഗത്വത്തിൽ പത്തിൽ ഒന്ന് എന്ന അനുപാതത്തിലാണ് (സംസ്ഥാന കമ്മിറ്റിയംഗങ്ങൾ ഒഴികെ) ജില്ലാ സമ്മേളനങ്ങളിൽ നിന്നും സംസ്ഥാന സമ്മേളന പ്രതിനിധികളെ നിശ്ചയിക്കേണ്ടത്. സംസ്ഥാന കമ്മിറ്റിയംഗങ്ങൾ ഉൾപ്പെടെ സമ്മേളന പ്രതിനിധികൾ 313 പേരായിരിക്കും.

4. ജില്ലാ സമ്മേളനം അംഗീകരിക്കുന്ന സംസ്ഥാന സമ്മേളന പ്രതിനിധികളുടെ പേരും മേൽവിലാസവും സ്വാഗതസംഘം ജനറൽ കൺവീനർക്കും ജനറൽ സെക്രട്ടറിക്കും നൽകേണ്ടതാണ്.

## സംസ്ഥാന സമ്മേളന ഫണ്ട്

സംസ്ഥാന സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിലേയ്ക്ക് താഴെ കൊടുത്തിരിയ്ക്കുന്ന വിധം ഫണ്ട് ശേഖരിക്കുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| അസിസ്റ്റന്റ് | : | 400 രൂപ |
| ഓഫീസ് അറ്റൻഡന്റ്, ഡ്രൈവർ | : | 300 രൂപ |
| പി.ടി.എസ്. | : | 200 രൂപ |

അംഗങ്ങളിൽ നിന്നും ശേഖരിയ്ക്കുന്ന സമ്മേളനഫണ്ട് പൂർണ്ണമായും സംസ്ഥാനകമ്മിറ്റിയ്ക്ക് നവംബർ 15-ാം തീയതിക്ക് മുമ്പായി കൈമാറേണ്ടതാണ്.

## ശമ്പള പരിഷ്ക്കരണം

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ പ്രശ്നത്തിൽ കടുത്ത നീതിനിഷേധവും തൊഴിലാളി വഞ്ചനയുമാണ് കഴിഞ്ഞ യു.ഡി.എഫ് സർക്കാർ സ്വീകരിച്ചത്. 80% ക്ഷാമബത്ത ലയിപ്പിച്ചത് നിഷേധിക്കുകയും 57% ക്ഷാമബത്തയ്ക്ക് മാത്രമാണ് (ദേശീയ ഉപഭോക്തൃ സൂചികയനുസരിച്ച്) കെ.എസ്.എഫ്.ഇ. ജീവനക്കാർക്ക് 01.08.2012-ൽ അർഹതയുള്ളത് എന്ന നിലപാടാണ് സ്വീകരിച്ചത്. ലയിപ്പിക്കുന്ന ക്ഷാമബത്താനിരക്കും ലയനതീയതിയും സർക്കാർ ജീവനക്കാരിൽ നിന്നും വ്യത്യസ്തമായിരിക്കേ 01.01.2013 മുതൽ കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ ക്ഷാമബത്ത സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നിരക്കിലായിരിക്കണമെന്നും ധനകാര്യവകുപ്പ് നിലപാട് സ്വീകരിച്ചു. ഈ രണ്ടു നിലപാടുകളുടെ ഫലമായി ജീവനക്കാരുടെ ശമ്പളം ശരാശരി 30% കണ്ട് വെട്ടികുറയ്ക്കപ്പെടുന്ന സ്ഥിതിയാണുണ്ടായത്. മാത്രമല്ല കൈപ്പറ്റിയ ഇടക്കാലാശ്വാസം തിരികെ നൽകേണ്ടിവരുമെന്ന ഭയവും ജീവനക്കാർക്ക് ഉണ്ടായി. ധനകാര്യ വകുപ്പിന്റെ തെറ്റായ നിർദ്ദേശം തള്ളി, ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാൻ യുഡിഎഫ് സർക്കാർ തയ്യാറായില്ല. എന്നാൽ തുടർന്നുവന്ന എൽഡിഎഫ് സർക്കാർ തൊഴിലാളികളുടെ താല്പര്യം മുൻനിർത്തി ഉറച്ച നിലപാട് സ്വീകരിക്കുകയും ധനകാര്യവകുപ്പിന്റെ പ്രതിലോമ നിർദ്ദേശങ്ങൾ തള്ളിക്കൊണ്ട് ശമ്പളം പരിഷ്ക്കരിച്ച് ഉത്തരവാകുകയും ചെയ്തു. പരിഷ്കരിച്ച ശമ്പളം സെപ്റ്റംബറിൽ തന്നെ വിതരണം ചെയ്യുന്നതിൽ കെഎസ്എഫ്ഇ മാനേജ്മെന്റ് സ്വീകരിച്ച നിലപാടും കഠിനപ്രയത്നത്തിലൂടെ ഉത്തരവാദിത്തം നിർവഹിച്ച H. O. യിലെ ജീവനക്കാരും അഭിനന്ദനമർഹിക്കുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ ഉത്തമ താൽപര്യം മുൻനിർത്തി നിലപാട് സ്വീകരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് സംഘടനയുടെ വിപ്ലവ അഭിവാദ്യങ്ങൾ നേരുന്നു.

എന്നാൽ പ്രസ്തുത ഉത്തരവിൽ ശമ്പള കുടിശിക വിതരണം ചെയ്യുന്നതിന് രണ്ട് നിബന്ധനകൾ ഉൾപ്പെടുത്തിയിരിക്കുകയാണ്. Core Banking നടപ്പാക്കുന്നതിനുള്ള Road Map പൂർത്തിയാക്കണം. Computerised Staff Norms നടപ്പാക്കണം. എന്നിവയാണവ. റോഡ് മാപ്പ് തയ്യാറാക്കേണ്ടത് ജീവനക്കാരല്ല മറിച്ച് മാനേജ്മെന്റാണ്. മാനേജ്മെന്റിന്റെ കഴിവുകേടും അഴിമതിയുമാണ് ഓൺലൈൻ പ്രവർത്തനം വൈകാൻ കാരണം. Sofware ന്റെയും Connectivity യുടെയും പ്രശ്നങ്ങൾ മൂലമാണ് വലിയ ശാഖകളിലേയ്ക്ക് Online പ്രവർത്തനം വ്യാപിപ്പിക്കാത്തത്. അല്ലാതെ ജീവനക്കാരുടെയോ സംഘടനകളുടെയോ എതിർപ്പ് മൂലമല്ല. മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയ്ക്ക് ജീവനക്കാരുടെ ശമ്പളം പിടിച്ചുവയ്ക്കുന്നത് അംഗീകരിക്കാനാവില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് നിയോഗിച്ച Kerala State Productivity Council തയ്യാറാക്കിയതും, 2010-ലെ ശമ്പള പരിഷ്ക്കരണ കരാർ വഴി അംഗീകരിയ്ക്കപ്പെട്ടതുമായ Computerised Staff Norms അനുസരിച്ചാണ് കെ.എസ്.എഫ്.ഇയിൽ Office Attendant, Assistant, Assistant Manager ജീവനക്കാരെ വിന്യസിച്ചിരിക്കുന്നത്. അതിനാൽ Computerised Staff Norms അംഗീകരിയ്ക്കണമെന്ന വ്യവസ്ഥയ്ക്ക് യാതൊരു സാംഗത്യവുമില്ല. അതുകൊണ്ട് തന്നെ പ്രസ്തുത നിബന്ധനകൾ ഒഴിവാക്കിക്കൊണ്ട് ജീവനക്കാരുടെ തടഞ്ഞുവച്ചിരിയ്ക്കുന്ന ശമ്പള കുടിശികയും മറ്റ് അനുകൂല്യങ്ങളും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിയ്ക്കണമെന്ന് സംഘടന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ നിലപാട് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**2012 ജൂലൈ മാസത്തിനുശേഷം സർവീസിൽ പ്രവേശിച്ച PTS ജീവനക്കാർക്കും 1000/- രൂപ മിനിമം വർദ്ധന ഉറപ്പാക്കണമെന്ന ആവശ്യം**

2013-ലെ ഇടക്കാലാശ്വാസ വിതരണ കരാർ പ്രകാരം PTS ജീവനക്കാർക്ക് 1000/- രൂപ ഇടക്കാലാശ്വാസം നൽകിയിരുന്നു. 2012 ജൂലൈയ്ക്ക് ശേഷം സർവീസിൽ പ്രവേശിച്ച ജീവനക്കാർക്കും 1000/- രൂപ ക്രമത്തിൽഇടക്കാലാശ്വാസം മാനേജ്മെന്റ് വിതരണം ചെയ്തുവരികയായിരുന്നു. എന്നാൽ ശമ്പളപരിഷ്ക്കരണ കരാർ അനുസരിച്ച് ഈ വിഭാഗം ജീവനക്കാർക്ക് 858/- രൂപയുടെ വർദ്ധനവാണുള്ളത്. ആയതിനാൽ 142 രൂപ തിരിച്ചുപിടിയ്ക്കുന്ന അവസ്ഥ വന്നുചേർന്നിരിക്കുന്നു. 200-ഓളം ജീവനക്കാർക്കാണ് ഈ പ്രശ്നമുണ്ടാകുന്നത്. അടിസ്ഥാനവർഗ്ഗം ജീവനക്കാരെന്ന പരിഗണന നൽകി കുറഞ്ഞ വരുമാനക്കാരായ ഈ വിഭാഗം ജീവനക്കാർക്ക് മിനിമം വർധന 1000/- രൂപ ഉറപ്പാക്കികൊണ്ട് പ്രശ്നം പരിഹരിക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂല നിലപാട് സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**01.09.14-ന് ശേഷം സർവീസിൽ പ്രവേശിച്ച ഓഫീസ് അറ്റന്റന്റ്, അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രശ്നം**

EPS 95 പദ്ധതിയിൽ കേന്ദ്രത്തിലെ BJP സർക്കാർ വരുത്തിയ ഭേദഗതിയനുസരിച്ച്, 01.09.2014 ന് ശേഷം സർവീസിൽ പ്രവേശിക്കുന്ന 15,000/- രൂപയിൽ കൂടുതൽ ശമ്പളമുള്ള ജീവനക്കാർക്ക് EPS 95 ബാധകമല്ല. തത്ഫലമായി KSFE യിൽ 1.9.14-ന് ശേഷം നിയമിക്കപ്പെട്ട 1500-ൽപ്പരം ഓഫീസ് അറ്റന്റന്റ്, അസിസ്റ്റന്റ് വിഭാഗം ജീവനക്കാർ ഒരു പെൻഷനും അർഹതയില്ലാത്തവരായി മാറിയിരിക്കുന്നു. ഇത് പരിശോധിച്ച് തിരുത്തണമെന്നാവശ്യപ്പെട്ട് സംഘടന കത്ത് നൽകിയിരുന്നുവെങ്കിലും പരിഹരിയ്ക്കാൻ മാനേജ്മെന്റ് യാതൊന്നും ചെയ്തിട്ടില്ല. അടിയന്തിരമായി പ്രശ്നം പരിഹരിക്കാൻ ചർച്ച വിളിച്ചുചേർക്കണമെന്നും അല്ലാത്തപക്ഷം പ്രക്ഷോഭത്തിന്റെ മാർഗം സ്വീകരിക്കാൻ സംഘടന നിർബന്ധിതമാകുമെന്നും മാനേജ്മെന്റിനെ അറിയിക്കാൻ തീരുമാനിച്ചു.

**CITU സംസ്ഥാന സമ്മേളനം CITU ദേശീയ സമ്മേളനം**

ഒക്ടോബർ 29, 30, 31 തീയതികളിൽ പാലക്കാട് ചേരുന്ന CITU 13-ാം സംസ്ഥാന സമ്മേളനത്തിലും നവംബർ 26 മുതൽ 31 വരെ ഒറീസയിലെ പുരിയിൽ ചേരുന്ന CITU ദേശീയ സമ്മേളനത്തിലും സംഘടനയുടെ പ്രതിനിധിയായി ജനറൽ സെക്രട്ടറി പങ്കെടുക്കണമെന്ന് തീരുമാനിച്ചു.

**ദേശാഭിമാനി - വാർഷിക വരിസംഖ്യ**

നമ്മുടെ എല്ലാ അംഗങ്ങളെയും ദേശാഭിമാനി പത്രത്തിന്റെ വാർഷിക വരിക്കാരാക്കണമെന്ന് തീരുമാനിച്ചു.

**ശാഖകളുടെ അടിസ്ഥാന സൗകര്യ വികസനം**

KSFE യെ ഇന്ത്യയിലെ തന്നെ പ്രമുഖ ധനകാര്യസ്ഥാപനമായി ഉയർത്തുന്നതിനുള്ള കർമപരിപാടിയുമാണ് കേരളാസർക്കാർ മുന്നോട്ടുപോകുന്നത്. എന്നാൽ സ്ഥാപനത്തിന്റെ സ്ഥിതി പൊതുവേ പരിതാപകരമാണ്. സർക്കാർ ഓഫീസിൽ എത്തുന്ന ജനങ്ങൾക്ക് കുടിവെള്ളമുൾപ്പെടെ നൽകണമെന്ന് സർക്കാർ നിർദ്ദേശിക്കുമ്പോൾ, KSFE യിലെ പല ശാഖകളിലും ജീവനക്കാർക്ക് പോലും കുടിവെള്ളം ലഭിക്കുന്നില്ല.

പൊതുമേഖല ബാങ്കുകളടക്കം അകവും പുറവും മിനുക്കിക്കൊണ്ട് ശാഖകളുടെ അന്തരീക്ഷം മെച്ചപ്പെടുത്തി ഇടപാടുകാരെ ആകർഷിക്കുമ്പോൾ, നമ്മുടെ മിക്ക ശാഖകളിലും പഴയ സ്റ്റേഷനറികളും ആക്രിസാധനങ്ങളും കൂട്ടിയിട്ടിരിക്കുകയാണ്. കമ്പ്യൂട്ടറുകളും മറ്റും കേടായാൽ നന്നാക്കാനുള്ള സംവിധാനമില്ല. കാലപ്പഴക്കം ചെന്ന കമ്പ്യൂട്ടറുകൾ മാറ്റി പുതിയവ നൽകുന്നില്ല. സ്റ്റേഷനറിയുടെ കാര്യം പറയേണ്ടതില്ല. ചിട്ടി ഉടമ്പടി വരെ ഫോട്ടോസ്റ്റാറ്റ് എടുത്ത് നൽകേണ്ട അരാജകാവസ്ഥ അംഗീകരിക്കാൻ കഴിയില്ല. കേരളത്തിലെ സർക്കാരിന്റെ കാഴ്ചപ്പാടനുസരിച്ച് സ്ഥാപനത്തിന്റെ അലകും പിടിയും മാറ്റാനുള്ള ശക്തമായ നടപടികളുണ്ടാകണമെന്ന് KSFE മാനേജ്മെന്റിനോട് സംഘടന ആവശ്യപ്പെടുന്നു. കൂടാതെ 2014 മുതൽ നിയമനം ലഭിച്ച ജീവനക്കാരുടെ കൺഫർമേഷൻ നൽകുന്നതിലും ആയിരത്തോളം വരുന്ന വർക്ക്മെൻ ജീവനക്കാർക്ക് ഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നതിലും ഗുരുതരമായ കാലവിളംബമാണ് കഴിഞ്ഞ യുഡിഎഫ് മാനേജ്മെന്റ് വരുത്തിയത്. എത്രയുംവേഗം കൺഫർമേഷനും യോഗ്യരായ ജീവനക്കാർക്ക് ഗ്രേഡ് പ്രമോഷനും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ മാനേജ്മെന്റിനോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു.

## സംഘടനയുടെ 28-ാം സംസ്ഥാന സമ്മേളനം സ്വാഗതസംഘം രൂപീകരിച്ചു

സംഘടനയുടെ 28-ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിന് വിപുലമായ സ്വാഗതസംഘം രൂപീകരിച്ചു. സ്വാഗതസംഘ രൂപീകരണയോഗം കണ്ണൂർ NGO യൂണിയൻ ഹാളിൽ വച്ച് CITU സംസ്ഥാന സെക്രട്ടറി സ: കെ.പി. സഹദേവൻ ഉദ്ഘാടനം ചെയ്തു. CITU കണ്ണൂർ ജില്ലാ ജനറൽ സെക്രട്ടറി സ: എം. വി. ജയരാജൻ മുഖ്യപ്രഭാഷണം നടത്തി. കണ്ണൂർ ജില്ലയിലെ CITU നേതാക്കൾ, പ്രവർത്തകർ, സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റിയംഗങ്ങൾ, ഓഫീസേഴ്സ് യൂണിയൻ നേതാക്കൾ, ഇരു സംഘടനകളിലെയും പ്രധാന പ്രവർത്തകർ, ഏജന്റ്സ് അസോസിയേഷൻ, അപ്രൈസേഴ്സ് അസോസിയേഷൻ അംഗങ്ങൾ, കണ്ണൂർ ജില്ലയിലെ വർഗ്ഗബഹുജന സംഘടനകളുടെ നേതാക്കന്മാരും പ്രവർത്തകരും ഉൾപ്പെടെ നൂറുകണക്കിന് പ്രവർത്തകരാൽ സമ്പന്നമായിരുന്നു സദസ്. സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിന് 251 അംഗ സ്വാഗതസംഘത്തിന് രൂപം നൽകി. സ്വാഗതസംഘം ചെയർമാനായി CITU ജില്ലാ ജനറൽ സെക്രട്ടറി സ: എം. വി. ജയരാജനെയും ജനറൽ കൺവീനറായി സ്റ്റാഫ് അസോസിയേഷൻ വൈസ് പ്രസിഡന്റ് സ: ടി. സി. രാധാകൃഷ്ണനേയും ട്രഷററായി സ: എസ്. ശിവദാസനെയും തെരഞ്ഞെടുത്തു. "**വർഗീതയ്ക്കെതിരെ വർഗ ഐക്യം**" എന്ന CITU മുദ്രാവാക്യം മുറുകെപിടിച്ചുകൊണ്ട്, ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ സമരപോരാട്ടങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, KSFE ജീവനക്കാരുടെ ശമ്പളം, പെൻഷൻ, പ്രമോഷനുകൾ, തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ സ്ഥാപന വികസനം ഇത്യാദി പ്രശ്നങ്ങൾ ഗൗരവപൂർവ്വമായ ചർച്ചയ്ക്കും പരിശോധനയ്ക്കും വിധേയമാക്കികൊണ്ട് തൊഴിലാളി വർഗ്ഗ താൽപര്യത്തിനായി പ്രവർത്തിക്കാൻ സമ്മേളനം നമുക്ക് ആവേശം പകരും. സമ്മേളന വിജയത്തിന് എല്ലാ വിഭാഗം ജീവനക്കാരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

കണ്ണൂർ,
07-10-2016.

**എസ്. മുരളീകൃഷ്ണപിള്ള**
ജനറൽസെക്രട്ടറി
KSFE സ്റ്റാഫ് അസോസിയേഷൻ (CITU)

---

**കുറിപ്പ്** : സംഘടനാ വിവരങ്ങളും ആശയങ്ങളും അംഗങ്ങളുമായും പൊതുജനങ്ങളുമായും പങ്കുവെയ്ക്കുന്നതിന് നവമാധ്യമങ്ങളുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് സംസ്ഥാന കമ്മിറ്റിയുടെ നിയന്ത്രണത്തിൽ KSFESA എന്ന പേരിൽ ഒരു ഫേസ് ബുക്ക് അക്കൗണ്ടും Ksfesa CITU എന്ന പേരിൽ ഒരു ഫേസ് ബുക്ക് പേജും ആരംഭിച്ചിട്ടുണ്ട്. ജില്ലകളിലെ സംഘടനാ പ്രവർത്തനങ്ങളും ചിത്രങ്ങളും കുറിപ്പുകളും ksfesacitusc@gmail.com എന്ന ഇമെയിൽ ID യിൽ അയച്ചുതരിക. പ്രിയ സഖാക്കൾ facebook പേജ് സന്ദർശിച്ച് like ചെയ്യുക.